"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്. മാനേജർ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 20324/2024-മേലുള്ള 06/06/2024 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2267/2025/GEDN തീയതി,തിരുവനന്തപുരം, 27-03-2025**

പരാമർശം:-

1. പത്തനംതിട്ട അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്. മാനേജർ സമർപ്പിച്ച 20/05/2024-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി-14)
2. ബഹു: ഹൈക്കോടതിയുടെ റിട്ട് ഹർജി 20324/2024-മേലുള്ള 06/06/2024-ലെ വിധിന്യായം.
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/09/2024-ലെ DEOPTA/594/2024-B2 നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23/09/2024-ലെ DDEPTA/889/24-B1 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/09/2024-ലെ എസ്.സി(1)/1793588/2023/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്. മാനേജർ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 20324/2024-മേലുള്ള 06/06/2024-ലെ വിധിന്യായത്തിൽ, ഹർജിക്കാരനെയും മറ്റു ബന്ധപ്പെട്ടവരെയും കേൾക്കുന്നതിനും എക്സിബിറ്റ് പി-14 റിവിഷൻ ഹർജി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 25/09/2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2] അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്. മാനേജരുടെ വാദങ്ങൾ ചുവടെപ്പറയും പ്രകാരമാണ്.**

"എക്സിബിറ്റ് പി1 : അട്ടച്ചാക്കൽ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി

സ്കൂളിന്റെ 2023-24-ലെ തസ്തികനിർണയം യു.പി. വിഭാഗത്തിൽ 4 ഡിവിഷനും ഹൈസ്കൂൾ വിഭാഗത്തിൽ 4 ഡിവിഷനും തദനുസൃതമായ തസ്തികകളും അനുവദിച്ചുകൊണ്ട് ഡിഇഒ ഉത്തരവായി. കൂടാതെ ഈ ഉത്തരവിന്റെ അനുബന്ധം III-ൽ 5-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും ഓരോ ക്ലാസ്സ് ഡിവിഷനും 2 അധിക യു.പി.എസ്.റ്റി. തസ്തികകളും അനുവദിക്കുന്നതിന് ഡിജിഇ.യോട് ശിപാർശ ചെയ്യുകയും ഉണ്ടായി.

എക്സിബിറ്റ് പി2 : വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർചെക്ക് സെൽ വിഭാഗം സ്കൂളിൽ 25/09/2023-ലും 08/12/2023-ലും ആകസ്മിക പരിശോധന നടത്തുകയും രണ്ടു പരിശോധനയിലും പൊതുവായി ഹാജരാകാതിരുന്ന 8 വിദ്യാർത്ഥികളെയും ആറാം സാധ്യായദിവസത്തിനു ശേഷം റ്റി.സി. നൽകിയ 5 കുട്ടികളെയും ഒഴിവാക്കി തസ്തിക നിർണയം പുന:പരിശോധിക്കാതിരിക്കാനും 6-ലും 8-ലും ഓരോ ഡിവിഷൻ വീതം കുറവ് ചെയ്ത് ഒരു യു.പി.എസ്.റ്റി. തസ്തികയും ഒരു എച്ച്.എസ്.റ്റി. (എൻ.എസ്) തസ്തികയും കുറവ് ചെയ്യാതിരിക്കാനും കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

എക്സിബിറ്റ് പി3 : കാരണം കാണിക്കൽ നോട്ടീസിന് വിശദമായ മറുപടി മാനേജർ സമർപ്പിക്കുകയുണ്ടായി.

അഞ്ചാം ക്ലാസിൽ രണ്ടു പരിശോധനയിലും പൊതുവായി ഹാജരാവാതിരുന്ന വർഷ നാരായണനും ശ്രീധന്യാ സുരേഷും 2023-24-ൽ 5-ൽ പഠനം തുടരുകയും 2024 മാർച്ചിലെ വർഷാവസാന പരീക്ഷയ്ക്ക് ഹാജരായി അവരെ ആറാം ക്ലാസിലേക്ക് പ്രമോട്ട് ചെയ്യുകയും ഉണ്ടായി. ഈ കുട്ടികൾ ഇപ്പോഴും ഈ സ്കൂളിൽ തുടർന്ന് പഠിക്കുന്നു.

എക്സിബിറ്റ് പി4 : വർഷാ നാരായണൻ ഈ സ്കൂളിൽ വന്ന് ചേർന്നപ്പോൾ ഹാജരാക്കിയ റ്റി.സി.യുടെയും ആധാർ കാർഡിന്റെയും പകർപ്പുകൾ ഹാജരാക്കുന്നു.

എക്സിബിറ്റ് പി5 : ശ്രീധന്യാ സുരേഷ് ഈ സ്കൂളിൽ വന്നുചേർന്നപ്പോൾ ഹാജരാക്കിയ റ്റി.സി.യുടെയും ആധാർ കാർഡിന്റെയും പകർപ്പുകൾ ഹാജരാക്കുന്നു.

ഇതിൽ നിന്നും ഈ രണ്ടു കുട്ടികളുടെയും അഡ്മിഷൻ ബോഗസ് അല്ലെന്ന് വ്യക്തമാകുന്നു.

എക്സിബിറ്റ് പി6 : അന്ന ബെന്നി എന്ന കുട്ടി 5-ാം ക്ലാസ്സിൽ നിന്ന് രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരമാണ് വെണ്ണിക്കുളം സെന്റ് ജോർജ്ജ് എച്ച്.എസ്.ലേക്ക് റ്റി.സി. നൽകിയത്. റ്റി.സി.യുടെ പകർപ്പും സമ്പൂർണ്ണയിലെ പ്രിന്റൗട്ടും ഹാജരാക്കുന്നു. അതിനാൽ അന്ന ബെന്നിയുടെ പ്രവേശനവും ബോഗസ് അല്ലെന്ന് വ്യക്തമാകുന്നു.

ആറാം ക്ലാസിൽ പൊതുവായി രണ്ടു പരിശോധനയിലും ഹാജരാകാതിരുന്ന രണ്ടു കുട്ടികൾ ജെഫ്രി ബാബുവും സാനിയ സാറ ലിജുവും 2023-24-ൽ ആറാം ക്ലാസിൽ പഠിക്കുകയും 2024 മാർച്ചിൽ വാർഷിക പരീക്ഷ എഴുതി ഏഴാം ക്ലാസിലേക്ക് പ്രമോട്ട് ചെയ്യപ്പെടുകയും ഉണ്ടായി.

എക്സിബിറ്റ് പി7 : ജെഫ്രി ബാബുവിന്റെ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കുന്നു.

എക്സിബിറ്റ് പി8 : സാനിയ സാറ ലിജുവിനെ 2022-23 അഞ്ചാം ക്ലാസിൽ അഡ്മിറ്റ് ചെയ്യുകയും 2023-24-ൽ 6-ാം ക്ലാസ്സിൽ പഠിക്കുകയും ചെയ്തു. കുട്ടിയുടെ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കുന്നു.

ഇവർ രണ്ടുപേരെയും 2023-24-ൽ 6-ലേക്ക് പ്രമോട്ട് ചെയ്തു. 2023-24-ൽ 6-ൽ പഠിച്ചിരുന്നവരാണ്. അവർ ഇപ്പോഴും 7-ാം ക്ലാസിൽ പഠിക്കുന്നുണ്ട്. അവരുടെ പ്രവേശനം ബോഗസ് അല്ല.

എക്സിബിറ്റ് പി9 : പ്രജുൽ പ്രസാദിനും 26/10/23-ൽ രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം കുവക്കാവ് ജി.എച്ച്.എസ്.എസ്.ലേക്ക് റ്റി.സി. നൽകുകയുണ്ടായി. കുട്ടിക്ക് നൽകിയ റ്റി.സി.യുടെയും സമ്പൂർണയിലെ പ്രിന്റൗട്ടിന്റെയും പകർപ്പ് ഹാജരാക്കുന്നു.
എക്സിബിറ്റ് പി10 : എയ്ഞ്ചൽ ജോസഫിന് 12/06/23-ൽ രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം കടമ്പനാട് സെന്റ് തോമസ് എച്ച്.എസ്.എസ്.ലേക്ക് റ്റി.സി. നൽകുകയുണ്ടായി. കുട്ടിക്ക് നൽകിയ റ്റി.സി.യുടെയും സമ്പൂർണ്ണയിലെ പ്രിന്റൗട്ടിന്റെയും പകർപ്പ് ഹാജരാക്കുന്നു. അതിനാൽ പ്രജിൽ പ്രസാദും എയ്ഞ്ചൽ ജോസഫും ബോഗസ് അഡ്മിഷൻ അല്ല.

പത്താം ക്ലാസിൽ രണ്ടു പരിശോധനയിലും ഹാജരാവാതിരുന്ന രഞ്ജിത്ത് കെ.എൻ.ഉം മിഥുൽ കെ.യും 2023-24-ൽ പത്താം ക്ലാസിൽ പഠിക്കുകയും രഞ്ജിത്ത് കെ.എൻ. 2024 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ സ്കൂളിൽനിന്നും എഴുതുകയും വിജയിക്കുകയും ചെയ്തിട്ടുള്ളതാണ്.

എക്സിബിറ്റ് പി11 : രഞ്ജിത്ത് കെ.എൻ.ന്റെ എസ്.എസ്.എൽ.സി. അഡ്മിഷൻ ടിക്കറ്റിന്റെയും റിസൾട്ട് ഷീറ്റിന്റെയും പകർപ്പുകൾ ഹാജരാക്കുന്നു. അതിനാൽ രഞ്ജിത്ത് കെ.എൻ. എന്ന കുട്ടി വ്യാജനല്ലെന്ന് വ്യക്തമാകുന്നതാണ്.

എക്സിബിറ്റ് പി12 : മിഥുൽ കെ. എന്ന കുട്ടി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടിയാണ്. കുട്ടി ഈ സ്കൂളിൽ 2019-20-ൽ ചേർന്നത് റ്റി.സി. വഴിയാണ്. റ്റി.സി.യുടെ പകർപ്പും 2024 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ കുട്ടിക്ക് താല്പര്യമില്ലെന്ന കുട്ടിയുടെ രക്ഷിതാവിന്റെ കത്തും ഹാജരാക്കുന്നു. അതിനാൽ മിഥുൽ കെ.യും വ്യാജനല്ലെന്ന് വ്യക്തമാകുന്നു.

എക്സിബിറ്റ് പി13 : പക്ഷേ മാനേജർ സമർപ്പിച്ച ന്യായവാദങ്ങളും രേഖകളും പരിശോധിക്കാൻ തയ്യാറാകാതെ ഡിജിഇ ഏകപക്ഷീയമായി 6-ലെയും 10-ലെയും ഓരോ ക്ലാസ് ഡിവിഷൻ കുറവു ചെയ്യാനും, 6-ലെ ഡിവിഷൻ കുറവു ചെയ്താലും 7-ൽ ഒരു അധിക ഡിവിഷൻ ലഭിക്കുമെന്നതിനാൽ, ഒരു എച്ച്.എസ്.റ്റി.(എൻ.എസ്) തസ്തിക കുറവ് ചെയ്യാനും ഇതുമൂലം സർക്കാരിന് ഉണ്ടായ സാമ്പത്തിക ബാധ്യത ഈടാക്കുന്നതിന് എച്ച്.എം., അധ്യാപകർ എന്നിവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കാനും ഉത്തരവായി.

എക്സിബിറ്റ് പി14 : ഡിജിഇ.യുടെ ഉത്തരവിനെതിരെ 20/05/24-ൽ മാനേജർ

ഗവൺമെന്റിലേക്ക് റിവിഷൻ ഫയൽ ചെയ്യുകയുണ്ടായി.

മാത്രമല്ല ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി 20324/24 ഫയൽ ചെയ്യുകയും ബഹു.കോടതി 06/06/24-ൽ എന്നെ കേട്ട് റിവിഷൻ നാലു മാസത്തിനകം തീർപ്പാക്കാൻ ഗവൺമെന്റിനോട് നിർദ്ദേശിക്കുകയും ഉണ്ടായി.

എന്റെ റിവിഷൻ പെറ്റീഷനിലെ ആവശ്യം അനുവദിക്കുന്നതിനുള്ള കാരണങ്ങൾ:

1) രണ്ടു പരിശോധനയിലും പൊതുവായി ഹാജരാവാതിരുന്ന 5-ലെയും 6-ലെയും 10-ലെയും രണ്ടു കുട്ടികൾ വീതം ആറ് കുട്ടികളുടെയും അഡ്മിഷൻ ബോഗസാണെന്ന് ഡിജിഇ'യ്ക്ക് ആക്ഷേപം ഇല്ല. ആറാം സാധ്യായ ദിവസത്തിന് ശേഷം റ്റി.സി. നൽകിയ 5-ലെ ഒരു കുട്ടിയുടെയും 6-ലെ രണ്ടു കുട്ടികളുടെയും പ്രവേശനവും ബോഗസ് ആണെന്ന് ഡിജഇ.യ്ക്ക് ആക്ഷേപമില്ല.

2) രണ്ട് പരിശോധനയിലും പൊതുവേ ഹാജരാവാതിരുന്ന കുട്ടികൾക്ക് ആറാം സാധ്യായദിവസത്തിനു ശേഷം റ്റി.സി. നൽകിയ കുട്ടികൾക്കും ആധാർ കാർഡ് ഉള്ളവരാണ്. അവരുടെ ആധാർ കാർഡ് പരിശോധിക്കാൻ സൂപ്പർചെക്ക് സെൽ തയ്യാറായില്ല. റ്റി.സി. നൽകിയ കുട്ടികളുടെ രേഖകൾ പരിശോധിച്ച് ന്യായമായ കാരണങ്ങളാലാണോ അവർ റ്റി.സി വാങ്ങിയതെന്നും അവർ മറ്റു സ്കൂളുകളിൽ തുടർന്ന് പഠിക്കുന്നുണ്ടോയെന്നും പരിശോധിച്ചും വ്യാജമെന്ന് ആരോപിപ്പിക്കപ്പെട്ട കുട്ടികൾ ടി സ്കൂളിൽ തന്നെ തുടർന്ന് പഠിച്ചിരുന്നുവെന്ന മാനേജരുടെ പ്രസ്താവന സംബന്ധിച്ച് വ്യക്തമായ പരിശോധനയും നടത്തിയതിനുശേഷംമാത്രം എക്സിബിറ്റ് പി13 സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചാൽ മതിയാകുമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണെന്ന് അറിയിക്കുക. കൂടാതെ, സൂപ്പർചെക്ക് സെൽ പരിശോധനയ്ക്കുശേഷം മാനേജർമാർക്ക് നൽകുന്ന കാരണംകാണിക്കൽ നോട്ടീസിനു മാനേജർമാർ സമർപ്പിക്കുന്ന മറുപടിയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഓരോ കുട്ടിയുടെയും ഹാജർ സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പരിശോധിക്കുകയും അവയെല്ലാം ഉൾപ്പെടുത്തി എന്തിന്റെ അടിസ്ഥാനത്തിലാണ് സൂപ്പർ ചെക്ക് സെല്ലിന്റെ റിപ്പോർട്ട് ശരിയാണെന്നു ബോധ്യപ്പെടുന്നതെന്ന് കാര്യ - കാരണ സഹിതം വിശദമായ നടപടിക്രമം പുറപ്പെടുവിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകാനും അറിയിക്കുന്നു." ഒരു കുട്ടിയുടെ പോലും പ്രവേശനം ബോഗസാണെന്ന നിഗമനത്തിൽ ഡിജിഇ എത്തിയിട്ടില്ല.

3) ആറാം സാധ്യായ ദിവസത്തിനുശേഷം റ്റി.സി. നൽകിയ കുട്ടികൾക്ക് റ്റി.സി. നൽകിയത് സമ്പൂർണ്ണ വഴിയാണ്. ഇവരെല്ലാം റ്റി.സി. വാങ്ങി ചേർന്ന് പുതിയ സ്കൂളിൽ ഇപ്പോഴും പഠിക്കുന്നു എന്ന വസ്തുത സമ്പൂർണ്ണ പോർട്ടൽ ലിസ്റ്റിൽ നിന്നും ബോധ്യമാകുന്നതാണ്. അതിനാൽ ഇവരെ തസ്തിക നിർണയത്തിന് ഒഴിവാക്കാൻ യാതൊരു അടിസ്ഥാനപരമായ കാരണങ്ങളും ഇല്ല.

4) മാനേജർ ഡിജിഇ സമക്ഷം സമർപ്പിച്ച മറുപടിയിൽ രണ്ടു പരിശോധനയിലും പൊതുവായി ഹാജരാവാതിരുന്ന കുട്ടികളുടെയും റ്റി.സി. വാങ്ങിപ്പോയ കുട്ടികളുടെയും വിശദവിവരങ്ങൾ അവർ ഇപ്പോൾ പഠിക്കുന്ന സ്കൂളിന്റെ പേരും ഹാജരാക്കിയിരുന്നു. അവരുടെ ആരുടെയും പ്രവേശനം ബോഗസ് അല്ല.

5) ആറാം ക്ലാസിൽ പൊതുവായി ഹാജരാവാതിരുന്ന ജെഫ്രി ബാബുവും സാനിയ സാറായും ലിജുവും 2023-24-ൽ 6-ൽ പഠിക്കുകയും 2024 മാർച്ചിൽ വാർഷിക പരീക്ഷയെഴുതി ജയിച്ച് 2024-25-ൽ 7-ൽ ഇപ്പോൾ ഈ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. റ്റി.സി. വാങ്ങിപ്പോയ പ്രജുൽ പ്രസാദും എയ്ഞ്ചൽ ജോസഫും റ്റി.സി. വാങ്ങി ചേർന്ന പുതിയ സ്കൂളിൽ ഇപ്പോഴും തുടർപഠനം നടത്തുന്നു എന്ന് സമ്പൂർണ്ണ പോർട്ടലിൽ നിന്ന് വ്യക്തമാകുന്നതാണ്. അതിനാൽ ഇവരുടെ ആരുടെയും പ്രവേശനം വ്യാജമല്ല.

6) പത്താം ക്ലാസിൽ പൊതുവായി ഹാജരാവാതിരുന്ന രണ്ടുപേരിൽ ഒരാൾ രഞ്ജിത്ത് കെ.എൻ. 2024 മാർച്ചിൽ എസ്.എസ്.എൽ.സി. എഴുതി വിജയിച്ചതാണ്. അതിനാൽ ഈ കുട്ടി വ്യാജനാണെന്ന സൂപ്പർചെക്ക് സെല്ലിന്റെ കണ്ടെത്തൽ അതിശയമാണ്. അതിനാൽ നിലനിൽക്കുന്നതല്ല. ഈ കുട്ടിയുൾപ്പെടെ 51 കുട്ടികളുണ്ട്. അതിൽ രണ്ട് ഡിവിഷനും അർഹതയുണ്ട്. രണ്ടാമത്തെ കുട്ടി മിതുൽ പരീക്ഷ എഴുതാൻ താല്പര്യമില്ലെന്ന് എക്സിബിറ്റ് പി12 പ്രകാരം അറിയിച്ചതാണ്.

7) 2024 മാർച്ച് എസ്.എസ്.എൽ.സി.ക്ക് പരീക്ഷ എഴുതിയ കുട്ടികളുടെ എ ലിസ്റ്റോ പൊതുവായി ഹാജർ ഇല്ലാതിരുന്ന കുട്ടികളുടെയും റ്റി.സി. വാങ്ങിയ കുട്ടികളുടെയും ആധാർ കാർഡുകളോ പരിശോധിക്കാൻ സൂപ്പർചെക്ക് സെൽ തയ്യാറായില്ല.

8) എക്സിബിറ്റ് പി15 : 19/07/22-ലെ എച്ച്2/5594/22/ഡിജിഇ സർക്കുലറിലെ അഞ്ചാമത്തെ പാരഗ്രാഫിൽ "വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തുന്ന ദിവസം ഹാജർ ഇല്ലെന്ന കാരണത്താൽ മാത്രം ഒരു വിദ്യാർത്ഥിയും തസ്തികനിർണയത്തിന് പരിഗണിക്കപ്പെടാതിരിക്കരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു" എന്ന് ഡിജിഇ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പരിശോധന ദിവസം ഹാജർ ഇല്ലാതിരുന്ന എട്ടുപേരെ ഒഴിവാക്കിയ നടപടി സ്വേച്ഛാപരമാണ്.

9) മാത്രമല്ല പൊതുവിദ്യാഭ്യാസ ഡയറക്ടറും ഗവൺമെന്റും ആറാം സാധ്യായദിവസത്തിനുശേഷം നീക്കം ചെയ്തത് വഴിയോ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങിയത് മൂലമോ കുട്ടികൾ മാറുകയോ ചെയ്താൽ അത് ആറാം സാധ്യായദിവസത്തിലെ എണ്ണത്തെ യാതൊരു കാരണവശാലും ദോഷകരമായി ബാധിക്കില്ല എന്ന് ജി.ഒ. (ആർ.റ്റി)നം.2172/2019/പൊവിവ തീയതി 06/06/2019-ലും ജി.ഒ. (ആർ.റ്റി)നം.1876/2019/പൊവിവ തീയതി 28/11/2019-ലും ജി.ഒ. (ആർ.റ്റി)നം.5182/2019/പൊവിവ തീയതി 28/11/2019-ലും ജി.ഒ. (ആർ.റ്റി)നം.3396/2019/പൊവിവ തീയതി 24/08/2019-ലും വ്യക്തമാക്കിയിട്ടുണ്ട്.

ഇതേ നിലപാട് തന്നെ ആവർത്തിച്ചുകൊണ്ട് സർക്കാർ ഇതേലെയുള്ള ധാരാളം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അതിനാൽ ആറാം സാധ്യായദിവസത്തെ എണ്ണത്തിൽ കണക്കാക്കിയ ഒരു കുട്ടിയെയും ആറാം സാധ്യായദിവസത്തിനുശേഷം ഒരു കുട്ടിക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകി എന്നുള്ള ഒറ്റ കാരണത്താൽ ഇഫക്ടീവ് സ്ട്രെങ്ങ്തിൽ നിന്നും കുറക്കാൻ പാടില്ല എന്ന് വളരെ കൃത്യമായി നിഷ്കർഷിച്ചിട്ടുള്ളതാണ്.

10) എക്സിബിറ്റ് പി16 : ബഹുമാനപ്പെട്ട ഹൈക്കോടതി ലളിതകുമാരിയും കേരള സംസ്ഥാനവും എന്ന (KR1975(1)KER 496) വിധിന്യായത്തിൽ വ്യാജ അഡ്മിഷൻ ആണെന്ന നിഗമനത്തിൽ എത്തുന്നതിനുമുൻപ് വിദ്യാഭ്യാസ ഓഫീസർമാർ ഓരോ വിദ്യാർത്ഥിയുടെയും വിവരങ്ങൾ പ്രത്യേകം പ്രത്യേകം ഗഹനമായി പരിശോധിച്ച മാത്രമേ നിഗമനത്തിൽ എത്താവൂ എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഇവിടെ സൂപ്പർചെക്ക് സെൽ ഓരോ വിദ്യാർത്ഥിയുടെയും വിവരങ്ങൾ പരിശോധിച്ചിട്ടല്ല നിഗമനത്തിൽ എത്തിച്ചേർന്നത്. പ്രഥമാധ്യാപിക ഓരോ വിദ്യാർത്ഥിയെപ്പറ്റിയും വിശദമായ സ്ഥിതിവിവരങ്ങൾ സമർപ്പിച്ചിട്ടും ആയതിലെ സത്യസ്ഥിതി പരിശോധിക്കുവാൻ പോലും തയ്യാറായില്ല എന്നത് ഖേദകരമാണ്.

11) സത്യസന്ധമായി കുട്ടികളുടെ പ്രവേശനം നടത്തിയിട്ടും വ്യാജ പ്രവേശനം നടത്തിയെന്ന് ഡിജിഇ പോലെ ബഹുമാന്യരായ ഉന്നത ഉദ്യോഗസ്ഥർ നിഗമനത്തിൽ എത്തുമ്പോൾ അധ്യാപകരുടെ മനോവിഷമം തരിമ്പു പോലും പരിഗണിക്കാതിരിക്കുന്നത് സങ്കടകരമാണ്. അധ്യാപക സമൂഹത്തിനാകെ കളങ്കം ചാർത്തുന്നവരെന്ന പേര് ചാർത്തി നൽകുന്നത് ന്യായമായ പരിശോധനകൾക്ക് ശേഷമല്ല എന്ന വസ്തുത പരിശോധിക്കപ്പെടേണ്ടതാണെന്ന് മാത്രം സമർപ്പിക്കുന്നു.

12) എച്ച്.എസ്.റ്റി.(എൻ.എസ്) തസ്തിക കുറവ് വരുന്നതുമൂലം 01/06/2023 മുതൽ സേവനത്തിലുള്ള അന്നമ്മ തോമസ് അധികമാവുന്നതാണ്.

13) രണ്ടു പരിശോധനയിലും ഹാജരില്ലാത്തവർ വ്യാജനാണെന്ന പൊതുനിഗമനം അടിസ്ഥാനം ഇല്ലാത്തതും നിയമപരമായി നിലനിൽക്കുന്നതും അല്ല.

ഈ സാഹചര്യത്തിൽ മുകളിൽ വിശദീകരിച്ചിരിക്കുന്ന കാരണങ്ങളാൽ ഡിജിഇ.യുടെ എക്സിബിറ്റ് പി13 ഉത്തരവ് റദ്ദ് ചെയ്തും എക്സിബിറ്റ് പി1 ഉത്തരവ് പുന:സ്ഥാപിച്ചും ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

3] പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

"പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന അട്ടച്ചാൽ സെന്റ് ജോർജ് വി.എച്ച്.എസ്.എസ്.ൽ 25/09/2023, 18/12/2023 തീയതികളിൽ സൂപ്പർചെക്ക് സെൽ ആകസ്മിക പരിശോധന നടത്തുകയുണ്ടായി. ഒന്നാം പരിശോധന

ദിവസം 26 വിദ്യാർത്ഥികളും, രണ്ടാം പരിശോധന ദിവസം 37 വിദ്യാർത്ഥികളും ഹാജരായിരുന്നില്ല. രണ്ട് പരിശോധനയിലും പൊതുവായി 8 വിദ്യാർത്ഥികൾ ഹാജരായിരുന്നില്ല. ആറാം സാധ്യായ ദിനത്തിനുശേഷം റ്റി.സി. നൽകിയ 5 വിദ്യാർത്ഥികളെയും പൊതുവായി ഹാജരാകാതിരുന്ന 8 വിദ്യാർത്ഥികളെയും ഒഴിവാക്കിക്കൊണ്ട് ഡിവിഷനുകൾ പുന:ക്രമീകരിച്ച് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവായിരുന്നു. അതുപ്രകാരം ടി സ്കൂളിൽ ആറാം ക്ലാസ്സിൽ ഒരു ഡിവിഷൻ നഷ്ടപ്പെടുന്നുണ്ടെങ്കിലും ഏഴാം ക്ലാസ്സിൽ ഒരു ഡിവിഷൻ അധികമായി ലഭിക്കുന്നതിനാൽ യു.പി.വിഭാഗത്തിലെ തസ്തിക നിർണ്ണയത്തിൽ വ്യത്യാസം വരുന്നില്ല. 2023-24 അധ്യയന വർഷത്തിൽ ടി സ്കൂളിൽ പത്താം ക്ലാസ്സിൽ ഒരു ഡിവിഷനും, അതേ തുടർന്ന് അനുവദിച്ച തസ്തികകളും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ടി ഡിവിഷനും തസ്തികകളും റദ്ദ് ചെയ്തു ഉത്തരവായിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

സ്കൂളിൽ വ്യാജ അഡ്മിഷൻ കണ്ടെത്തിയ സാഹചര്യത്തിൽ ആയതിന് ഉത്തരവാദിയായിട്ടുള്ള പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക/ക്ലാസ്സ് അധ്യാപകൻ എന്നിവർക്കെതിരെ കേരള വിദ്യാഭ്യാസ നിയമം 1958 സെഷൻ 12 (A) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

വിഷയത്തിൽ ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള നടപടി ഉത്തരവിനെതിരായിട്ടാണ് ടി സ്കൂൾ മാനേജർ നിലവിൽ കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളതെന്ന് കാണുന്നു. സ്കൂളിൽ നടത്തിയിട്ടുള്ള പരിശോധന അടിസ്ഥാനമാക്കിയിട്ടുള്ള കണ്ടെത്തലുകളുടെ വെളിച്ചത്തിൽ 17/04/2024-ന് ഈ കാര്യാലയത്തിൽ വച്ച് ബന്ധപ്പെട്ട കക്ഷികളെയും സ്കൂൾ മാനേജരെയും ഉൾപ്പെടെ നേരിൽ കേൾക്കുകയുണ്ടായി. ആയതിൽ സൂപ്പർചെക്ക് സെൽ സ്കൂളിൽ രണ്ടാമത് സന്ദർശനം നടത്തിയ ദിവസം പത്തനംതിട്ട റവന്യൂ ജില്ലാ കലോത്സവം മറ്റൊരു സ്കൂളിൽ കുട്ടികൾ കലോത്സവം കാണാൻ പോയിരുന്നതായും, കൂടാതെ പൊതുവായി രണ്ട് പരിശോധനയിലും ഹാജരാകാതിരുന്ന കാരണത്താൽ ഒഴിവാക്കിയ കുട്ടികളെല്ലാവരും തന്നെ നിലവിൽ ടി സ്കൂളിൽ വിദ്യാർത്ഥികളായി തുടരുന്നുവെന്നും മാനേജർ ബോധിപ്പിക്കുകയുണ്ടായി. ടിയാന്റെ വാദഗതികൾ പരിശോധിക്കുന്നതിലേക്ക് പരിശോധനദിവസം കലോത്സവത്തിൽ പങ്കെടുക്കുന്നതിനും മറ്റുമായി പോയിട്ടുള്ള കുട്ടികളുടെ വിശദവിവരങ്ങൾ സ്കൂൾ പ്രഥമാധ്യാപകനിൽ നിന്നും വാങ്ങിയിട്ടുള്ളതും ആയത് പരിശോധിച്ചതിൽ നിന്നും പ്രസ്തുത കലോത്സവത്തിന് പോയിട്ടുള്ളതായ കുട്ടികൾ ഒന്നും തന്നെയല്ല സ്കൂളിൽ പരിശോധന വേളയിൽ ഹാജരാകാതിരുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതോടൊപ്പം തന്നെ പരിശോധന ദിവസങ്ങളിൽ പൊതുവായി ഹാജരാകാതിരുന്നിട്ടും ശേഷം നിലവിൽ സ്കൂളിൽ അധ്യയനം തുടർന്നു വരുന്നുവെന്ന സ്കൂൾ അധികൃതരുടെ വാദം അംഗീകരിക്കേണ്ടതില്ല. മാത്രവുമല്ല അധ്യയന വർഷം റ്റി.സി. നൽകിയ അഞ്ച് കുട്ടികൾ നിലവിൽ വിദ്യാലയത്തിൽ പഠിക്കുന്നുവെന്ന വാദവും അംഗീകരിക്കാവുന്നതല്ല."

4] സർക്കാർ ഈ വിഷയം ഹർജിക്കാരന്റെയും ആറാം എതിർകക്ഷിയുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിലെ 6,10 ക്ലാസ്സുകളിലെ ഓരോ ഡിവിഷൻ കുറവു ചെയ്യുവാനും, ആറാം ക്ലാസ്സിലെ ഒരു ഡിവിഷൻ കുറവു ചെയ്താലും ഏഴാം ക്ലാസ്സിൽ ഒരു അധിക ഡിവിഷൻ ലഭിക്കുമെന്നതിനാൽ ഒരു എച്ച്.എസ്.റ്റി.(എൻ.എസ്) തസ്തിക കുറവു ചെയ്യുവാനും ഇതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത ഈടാക്കുന്നതിന് എച്ച്.എം. അദ്ധ്യാപകർ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച എക്സിബിറ്റ് പി13 ഉത്തരവ് റദ്ദ് ചെയ്യണമെന്നും, ടി സ്കൂളിൽ 2023-24-ലെ തസ്തിക നിർണയത്തിൽ യു.പി. വിഭാഗത്തിൽ 4 ഡിവിഷനും ഹൈസ്കൂൾ വിഭാഗത്തിൽ 4 ഡിവിഷനും തദനുസൃതമായ തസ്തികകളും അനുവദിച്ചുകൊണ്ടും അഞ്ചാം ക്ലാസ്സിലും ഏഴാം ക്ലാസ്സിലും ഓരോ ഡിവിഷനും 2 അധിക യു.പി.എസ്.റ്റി. തസ്തികകളും അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ശിപാർശ ചെയ്തുകൊണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച എക്സിബിറ്റ് പി1 ഉത്തരവ് പുന:സ്ഥാപിക്കണമെന്നുമാണ് ഹർജിക്കാരൻ ആവശ്യപ്പെടുന്നത്.

5] അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ്.ൽ 2023-24 വർഷത്തെ തസ്തിക നിർണയത്തിൽ 4 യു.പി.എസ്.റ്റി. തസ്തികകളും 4 എച്ച്.എസ്.റ്റി. തസ്തികകളും അനുവദിച്ചിരുന്നു (എക്സിബിറ്റ് പി1). സൂപ്പർചെക്ക് സെൽ 25/09/2023, 08/12/2023 തീയതികളിൽ നടത്തിയ ആകസ്മിക പരിശോധനയിൽ ടി സ്കൂളിൽ വ്യാജ അഡ്മിഷൻ ഉണ്ടെന്ന നിഗമനത്തിൽ 10-ാം ക്ലാസ്സിൽ ഒരു ഡിവിഷൻ റദ്ദ് ചെയ്യുകയും, തുടർന്ന് ഒരു എച്ച്.എസ്.റ്റി. (നാച്വറൽ സയൻസ്) തസ്തിക നഷ്ടമാവുകയും, ടി തസ്തികയിൽ നിലനിന്നിരുന്ന ശ്രീമതി അന്നമ്മ മാത്യു തസ്തികനഷ്ടംമൂലം പുറത്താവുകയും ചെയ്തു. ടിയാളുടെ നിയമനം അംഗീകരിക്കപ്പെട്ടിരുന്നില്ല. പിന്നീട് എച്ച്.എസ്.റ്റി.(എൻ.എസ്) ആയ ശ്രീ.അച്ചൻകുഞ്ഞ് പി.ക്ക് 01/04/2021 തീയതിയിൽ പ്രൊമോഷൻ നൽകിയതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി അന്നമ്മ മാത്യുവിനെ 01/06/2023 മുതൽ നിയമിച്ചു. ടി നിയമനപ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിനാലും, ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിക്കാത്തതിനാലും, മറ്റ് അവശ്യരേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാലും, കെ-ടെറ്റ് നേടിയിട്ടില്ലാത്തതിനാലും, വ്യാജ അഡ്മിഷൻ കണ്ടെത്തിയതിനാലും ടിയാളുടെ നിയമനം അംഗീകരിച്ചില്ല.

6] ടി സ്കൂളിൽ 2024-25 വർഷത്തെ തസ്തികനിർണയ ഉത്തരവ് പ്രകാരം യു.പി.യിൽ നാലും ഹൈസ്കൂളിൽ നാലും ആയി ആകെ എട്ട് ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. സൂപ്പർചെക്ക് സെല്ലിന്റെ പരിശോധനയിൽ പൊതുവായി ഹാജരില്ലാതിരുന്ന 8 കുട്ടികളെയും റ്റി.സി. നൽകിയിട്ടുള്ള 5 കുട്ടികളെയും ഒഴിവാക്കി 2023-24 വർഷത്തെ തസ്തിക നിർണയിക്കുന്നതിനും തദനുസൃതമായി 6,10 ക്ലാസ്സുകളിലെ ഓരോ ഡിവിഷൻ നഷ്ടപ്പെടുന്നതിനാൽ ഒരു യു.പി.എസ്.റ്റി. തസ്തികയും ഒരു എച്ച്.എസ്.റ്റി. തസ്തികയും റദ്ദ്

ചെയ്യുന്നതിനും വ്യാജ അഡ്മിഷന് ഉത്തരവാദികളായ പ്രധാനാദ്ധ്യാപിക, മറ്റ് ജീവനക്കാർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുവാനും എക്സിബിറ്റ് പി2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു.

7] അഞ്ചാം ക്ലാസ്സിൽ സൂപ്പർ ചെക്കിന്റെ രണ്ട് പരിശോധനയിലും ഹാജരാകാതിരുന്ന രണ്ട് കുട്ടികൾ (വർഷ നാരായണൻ, ശ്രീധന്യ സുരേഷ്) 2023-24-ൽ പഠനം തുടർന്ന് മാർച്ച് മാസത്തെ പരീക്ഷ ജയിച്ച് ആറാം ക്ലാസ്സിലേക്ക് പ്രൊമോട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും, ടി കുട്ടികൾ ഇപ്പോഴും സ്കൂളിൽ തുടരുന്നുവെന്നും, അന്നാ ബെന്നി എന്ന കുട്ടിക്ക് രക്ഷകർത്താവിന്റെ ആവശ്യപ്രകാരം 5-ാം ക്ലാസ്സിൽ നിന്നും വെണ്ണിക്കുളം സെന്റ് ജോർജ്ജ് എച്ച്.എസ്.ലേക്ക് റ്റി.സി. നൽകിയിട്ടുണ്ടെന്നും, ടി കുട്ടികൾ ബോഗസ് അഡ്മിഷൻ അല്ലെന്നും മാനേജർ റിപ്പോർട്ട് ചെയ്യുന്നു. ആറാം സ്റ്റാൻഡേർഡിൽ രണ്ട് പരിശോധനയിലും ഹാജരാകാതിരുന്ന ജെഫ്രി ബാബുവും സാനിയ സാറാ ലിജുവും 2023-24-ൽ ആറാം ക്ലാസ്സിൽ പഠിച്ച് 2024 മാർച്ചിലെ പരീക്ഷയിൽ പാസ്സാകുകയും ഏഴാം ക്ലാസ്സിലേക്ക് പ്രൊമോട്ട് ചെയ്യപ്പെടുകയുണ്ടായെന്നും അവർ ഇപ്പോഴും സ്കൂളിൽ തുടരുന്നുണ്ടെന്നും, പ്രജ്ഞൽ പ്രസാദിനും എയ്ഞ്ചൽ ജോസഫിനും അവരുടെ രക്ഷകർത്താക്കളുടെ ആവശ്യപ്രകാരമാണ് യഥാക്രമം കുവക്കാവ് ജി.എച്ച്.എസ്.എസ്.ലേയ്ക്കും കടമ്പനാട് സെന്റ് തോമസ് എച്ച്.എസ്.എസ്.ലേക്കും റ്റി.സി. നൽകിയിട്ടുള്ളതെന്നും, ടി കുട്ടികൾ ബോഗസ് അല്ലെന്നും മാനേജർ വാദിക്കുന്നു. പത്താം ക്ലാസ്സിൽ രണ്ടു പരിശോധനയിലും ഹാജരാകാതിരുന്ന 2 കുട്ടികളിൽ രഞ്ജിത്ത് കെ.എൻ. 2024 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി പാസ്സായിട്ടുണ്ടെന്നും, പട്ടികവർഗ്ഗത്തിൽപ്പെട്ട മിഥുൽ കെ. എന്ന കുട്ടി 2019-20-ൽ റ്റി.സി. വഴിയാണ് ടി സ്കൂളിൽ ചേർന്നതെന്നും 2024 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ കുട്ടിക്ക് താല്പര്യമില്ലെന്ന് കാണിച്ച് രക്ഷിതാവ് കത്ത് സമർപ്പിച്ചുവെന്നും, ടി രണ്ട് കുട്ടികളും വ്യാജമല്ലെന്നും മാനേജർ വാദിക്കുന്നു.

8] മേൽ പരാമർശിച്ച കുട്ടികളുടെ ആധാർ, റ്റി.സി. വാങ്ങിയവരുടെ പകർപ്പുകളും മറ്റു ബന്ധപ്പെട്ട രേഖകളും പരിശോധിക്കാതെ ഏകപക്ഷീയമായാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ആറിലെയും പത്തിലെയും ഓരോ ക്ലാസ്സ് ഡിവിഷൻ കുറവ് ചെയ്യുന്നതിനും, ഏഴാം ക്ലാസ്സിൽ ഒരു അധികഡിവിഷൻ ലഭിക്കുമെന്നതിനാൽ ഒരു എച്ച്.എസ്.റ്റി. (എൻ.എസ്) തസ്തിക കുറവ് ചെയ്യുന്നതിനും, എച്ച്.എം.ൽ നിന്നും മറ്റ് അദ്ധ്യാപകരിൽ നിന്നും ബാധ്യത ഈടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് മാനേജർ വാദിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യാജ അഡ്മിഷനായി കണ്ടെത്തിയ കുട്ടികളുടെ ആധാർ, റ്റി.സി., സമ്പൂർണ സ്റ്റേറ്റ്മെന്റ് തുടങ്ങിയ രേഖകൾ മാനേജർ സമർപ്പിച്ചിട്ടുണ്ട്.

9] മേൽ സാഹചര്യത്തിൽ, റ്റി.സി. നൽകിയ കുട്ടികളുടെ രേഖകൾ പരിശോധിച്ച് ന്യായമായ കാരണങ്ങളാലാണോ അവർ റ്റി.സി വാങ്ങിയതെന്നും അവർ മറ്റു സ്കൂളുകളിൽ തുടർന്ന് പഠിക്കുന്നുണ്ടോയെന്നും പരിശോധിച്ചും, വ്യാജമെന്ന് ആരോപിപ്പിക്കപ്പെട്ട കുട്ടികൾ ടി സ്കൂളിൽതന്നെ തുടർന്ന് പഠിച്ചിരുന്നുവെന്ന മാനേജരുടെ പ്രസ്താവന സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തിയതിനുശേഷവും മാത്രം എക്സിബിറ്റ്

പി13 സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചാൽ മതിയാകുമെന്നും കൂടാതെ, സൂപ്പർ ചെക്ക് സെൽ പരിശോധനയ്ക്കുശേഷം മാനേജർമാർക്ക് നൽകുന്ന കാരണം കാണിക്കൽ നോട്ടീസിനു മാനേജർമാർ സമർപ്പിക്കുന്ന മറുപടിയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഓരോ കുട്ടിയുടെയും ഹാജർ സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി പരിശോധിക്കുകയും അവയെല്ലാം ഉൾപ്പെടുത്തി എന്തിന്റെ അടിസ്ഥാനത്തിലാണ് സൂപ്പർചെക്ക് സെല്ലിന്റെ റിപ്പോർട്ട് ശരിയാണെന്നു ബോധ്യപ്പെടുന്നതെന്ന് കാര്യ - കാരണസഹിതം വിശദമായ നടപടിക്രമം പുറപ്പെടുവിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, എക്സിബിറ്റ് പി-14 റിവിഷൻ ഹർജി തീർപ്പാക്കി, ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 20324/2024-ന്മേലുള്ള 06/06/2024-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
മാനേജർ , സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി
സ്കൂൾ, അട്ടച്ചാക്കൽ പി.ഒ., പത്തനംതിട്ട-689 692.
ശ്രീമതി അന്നമ്മ തോമസ്, എച്ച്.എസ്.റ്റി. (നാചറൽ സയൻസ്),
സെന്റ് ജോർജ്ജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ,
അട്ടച്ചാക്കൽ പി.ഒ., പത്തനംതിട്ട-689 692.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (28.01.2025-ലെ
GE-JA3/561/2024-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/93/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 27-03-2025 15:17:33
സെക്ഷൻ ഓഫീസർ